എനിക്ക് അതുസംബന്ധിച്ച് പഠിക്കണം. ഇന്നാണ് എനിക്ക് കാളിംഗ് അറ്റൻഷന് നോട്ടീസ് കിട്ടിയത്. ഇന്നലെ മഹിളാപ്രധാനിലെ ഒരാൾ മരിച്ച സ്ഥലത്ത് പോകേണ്ടിവന്നു. ഇന്ന് രാവിലെ മൂന്നു മണിക്കാണ് വന്നത്. I have not given my thought, not applied my mind; we have raised the issue Yes or No . അത് അസ്സലായി പരിശോധിച്ച് ഇനി അതിന് പരിഹാരം കാണേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റ് അതിനുള്ള ഉചിതമായ നടപടിയെടുക്കും. Your points are well taken. എന്ന് പറഞ്ഞുകഴിഞ്ഞാൽ പിന്നെ അത് ഇന്നത് ചെയ്യുമോ ഇന്നത് ചെയ്യുമോ അങ്ങനെ വിസ്തരിക്കരുത്. അങ്ങ് സഭയുടെ ശ്രദ്ധ ക്ഷണിച്ചു. അത് തന്നെ പ്രധാനമാണ്. മാക്സിമം അതിന്റെ എല്ലാവശങ്ങളും പരിശോധിച്ചിട്ട് വേണം മറുപടി പറയേണ്ടത്. വെറുതെ പറഞ്ഞാൽ നടപ്പിലാക്കണ്ടേ? ഇന്നലെ ഞാൻ മറുപടി പറഞ്ഞു. ഷാഹുൽ ഹമീദിനെ മർദ്ദിച്ച പോലീസുകാരെ സർവീസിൽ നിന്ന് മാറ്റി നിറുത്തി അന്വേഷിക്കുമെന്ന്. ഇന്നലെത്തന്നെ അവരെ സസ്പെന്റു ചെയ്തു. പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യണം. അതുകൊണ്ട് മറുപടി പറയുമ്പോൾ അവനവനെകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യം പറയണം. നിയമസഭയിൽ പറഞ്ഞാൽ അതു ഒരു അഷ്വറൻസാണ്. വളരെ സൂക്ഷിച്ചേ പറയാൻ കഴിയൂ. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

(2) സർവ്വകലാശാലകളുടെ പ്രവർത്തനത്തിലുള്ള അപാകതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ : സർ, കേരളത്തിലെ സർവ്വകലാശാലകളിൽ നിലവിലുള്ള ചില ദുഃസ്ഥിതികളിലേക്കാണ് ബഹുമാനപ്പെട്ട സഭയുടെയും ആരാധ്യനായ പി.ജെ.ജോസഫിന്റേയും ശ്രദ്ധക്ഷണിക്കുന്നത്. എല്ലാ സർവ്വകലാശാലകളേയും ബാധിക്കുന്ന പൊതുവായ പ്രശ്നമായതുകൊണ്ട് കാളിംഗ് അറ്റൻഷന്റെ വിശദാംശങ്ങൾ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രം വായിക്കുന്നവർക്കെല്ലാമറിയാം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ഒരു സംഘർഷാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന്. പരീക്ഷകൾ ബഹിഷ്ക്കരിക്കാൻ നിർബന്ധതരാകുമെന്ന് ഗവൺമെന്റ് കോളേജ് അദ്ധ്യാപരുടെ ഏറ്റവും വലിയ പ്രസ്ഥാനമയ എ.കെ.ജി.സി.റ്റി.എ. ഒരു പ്രസ്താവന യിറക്കിയിട്ടുണ്ട്. മറ്റൊരു സുപ്രധാന സംഘടനയായ എ.കെ.പി.സി.ടി.എ സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ പ്രതിഷേധവുമായി രംഗത്ത് വന്നിരിക്കുകയാണ്. ഇൻഡ്യയിലെ ഏറ്റവും വലിയ സംഘടിത വിദ്യാർത്ഥി പ്രസ്ഥാനമെന്നനിലയിൽ എസ്.എഫ്.ഐ. യുടെ പ്രതിഷേധ പ്രസ്താവന യു.ജി.സി. ഓർഡറുമായി ബന്ധപ്പെട്ട് ഇന്ന് ഇറങ്ങിയിട്ടുണ്ട്. എ.ഐ.എസ്.എഫ്-ന്റെ പ്രസ്താവന നേരത്തേ വന്നിട്ടുണ്ട്. യു.ഡി.എഫുമായി ബന്ധപ്പെട്ട അദ്ധ്യാപക സംഘടനയുടെ ഐക്യവേദിയും യു.ജി.സി. പ്രശ്നത്തിൽ പ്രതിഷേധവുമായി രംഗത്ത് വന്നിരിക്കുകയാണ്. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ കഴിഞ്ഞ ഒരുമാസമായി ഇത്തരമൊരു സ്ഥിതി ആരംഭിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ഉന്നത വിദ്യാഭ്യാസവകുപ്പിലെ ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

അധികാരികൾ ഈ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വന്ന് - നേരിട്ട് ശ്രദ്ധയിലില്ലെന്ന് ഞാൻ പറയുന്നില്ല, ശ്രദ്ധയിലുണ്ടാകും. കാരണം ജനനേതാവാണ്, എങ്കിലും ഈ ഓർഡർ ഇറക്കിയ അധികാരികൾ ഈ കാര്യത്തിൽ എന്തെങ്കിലുമൊരു പരിശോധന വേണമോയെന്ന് പോലും ആലോചിക്കുന്നതായി പൊതുജനമാദ്ധ്യമങ്ങളിൽ നിന്ന് മനസ്സിലാകുന്നില്ല. അത് ഗൗരവമായ ഒരു കാര്യമാണ്. പൊതുവായ ചില കാര്യങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. (1) സർവ്വകലാശാലകളിലെ എംപവേർഡ് കമ്മിറ്റി മുൻപില്ലാത്തതാണ്. പ്രീഡ്രിഗ്രി ഡീലിങ്ക് ചെയ്തപ്പോൾ നമ്മുടെ നിയമസഭ പാസ്സാക്കിയതാണ് എന്നത് ഞാൻ അംഗീകരിക്കുന്നു. വാസ്തവത്തിൽ ആ എംപവേർഡ് കമ്മിറ്റിയുടെ ആവശ്യമില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് നിയമസഭയോട് ഉത്തരവാദിത്വമുള്ളതുപോലെ ഈ നിയമസഭക്ക് തുല്യമായി സർവ്വകലാശാലയിലുള്ള സെനറ്റിനോട് ഉത്തരവാദിത്വമുള്ളതാണ് സിൻഡിക്കേറ്റ്. മുൻപ് ഇപ്രകാരം അംഗീകരിച്ച് ബഹുമാനിച്ചിരുന്നു. അതിനെ കൈയ്യേറ്റം നടത്താൻ ശ്രമിച്ച പല അവസരങ്ങളിലും കക്ഷിവ്യത്യാസമില്ലാതെ പ്രതിഷേധ മുണ്ടായിരുന്നു. ഇപ്പോൾ തൽക്കാലം എംപവേർഡ് കമ്മിറ്റിയെവച്ചു. അതിന്റെ പ്രവർത്തനം യൂണിവേഴ്സിറ്റിക്കെതിരായുള്ള ഒരു ആക്രമണമായി ഉന്നത വിദ്യാഭ്യാസവകുപ്പിലെ ബ്യൂറോക്രാറ്റുകൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. സമയചുരുക്കംകൊണ്ട് കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നില്ല. ഞാൻ അങ്ങേക്ക് തെളിവുതരാം. അതൊന്ന് ഭേദഗതി ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യാൻ നടപടിയെടുക്കണം. ആ ഒരു ദുസ്ഥിതിയിലേക്ക് ഞാൻ വിരൽ ചൂണ്ടുകയാണ്. അതുപോലെ സർവ്വകലാശാലകളുടെ ബി. എഡ് കോഴ്സുകൾക്ക് ക്രമാതീതമായി ഫീസ് വർദ്ധിപ്പിക്കുകയാണ്. ഏഴായിരവും പതിനായിരവും രൂപയായി വർദ്ധിപ്പിക്കുകയാണ് സർവ്വകലാശാലകൾ ബ്ലേഡ് കമ്പനികൾപോലെ ചിലപ്പോൾ പ്രവർത്തിക്കുന്നു. അതിനൊരു നിയന്ത്രണം ഏർപ്പെടുത്തണം. സർവ്വകലാശാലാ ലക്ഷ്യത്തിലേക്ക് സർവ്വകലാശാലയെ കൊണ്ട് വരണം . ആവശ്യമായ ഫീസ് വാങ്ങിക്കണം. സർവ്വകലാശാലകൾ ഫൈനാൻസ് സ്ഥാപനമായതിനാൽ സർക്കാരിന്റെ ഗ്രാന്റില്ല. ഇതിൽനിന്നുവേണം ശമ്പളം കൊടുക്കേണ്ടത്. അതുകൊണ്ട് ആവശ്യമായത് വേണം, പക്ഷേ ഒരു നിയന്ത്രണം വേണം. ഇഷ്ടംപോലെ ഫീസ് കൂട്ടാൻ പാടില്ല. അതാണ് മറ്റൊരു ദുഃസ്ഥിതി. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയടക്കം പാരാമെഡിക്കൽ കോഴ്സ് അടക്കമുള്ള സ്വാശ്രയ കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരമില്ല. ആവശ്യമായ അക്കാഡമിക് അംഗീകാരവും പി.എസ്.സി.യുടെ ജോലിപരമായ അംഗീകാരവും വാങ്ങിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. കണ്ണൂർ സർവ്വകലാശാല ഒരു പുതിയ സർവ്വകലാശാലയാണ്. അതിന് ഇത്രമാത്രം നല്ല ഒരു നിയമം പാസ്സാക്കിയതിൽ നേതൃത്വപരമായ പങ്ക് തന്നെയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുള്ളത്. പക്ഷേ കാര്യങ്ങൾ നടക്കണം. മെയിൻ ക്യാംപസിന് കെട്ടിടം പണിയണം. നിയമത്തിലുള്ള എല്ലാ ക്യാംപസും തുടങ്ങണം. അടിയന്തിരമായി ഈ കാര്യങ്ങളിൽ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അവിടെയും ഒരു ദുഃസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

നിലവിലിരിക്കുകയാണ്. സംസ്കൃതസർവ്വകലാശാലയിലെ അനാവശ്യമായ കോഴ്സുകൾ നിറുത്തി, അതിനെ ലോകപ്രശസ്തമായ ഒരു സംസ്കൃത യൂണിവേഴ്സിറ്റിയാക്കി മാറ്റത്തക്കതരത്തിൽ അവിടെയുള്ള അലവലാതിത്തങ്ങൾക്ക് ഒരു പരിഹാരമുണ്ടാകാനുള്ള ഏർപ്പാടുണ്ടാകണം. എം.ജി. സർവ്വകലാശാല പോലെ കുത്തഴിഞ്ഞ യു.ജി.സി.യുടെ അംഗീകാരമാണെന്നൊക്കെ പറഞ്ഞാലും വിദ്യാർത്ഥികളുടെ പ്രാതിനിധ്യം, സെനറ്റിന്റെ പരമാധികാരം ഇതൊക്കെ കേരളാ യൂണിവേഴ്സിറ്റിയിലുള്ളപ്പോൾ ഇതില്ലാത്ത എം.ജി. യൂണിവേഴ്സിറ്റിക്ക് എന്ത് മെച്ചമാണ് യു.ജി.സി. യുടേത് കൊണ്ടുണ്ടാകുന്നത് ? അടിസ്ഥാനരഹിതമായിട്ടുള്ള യു.ജി.സി. യുടെ സങ്കൽപ്പങ്ങളെ തിരുത്താൻ നമ്മൾ ഒരു നിലപാടെടുക്കണം. കേരളാ യൂണിവേഴ്സിറ്റിയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും ഇല്ലാത്ത എന്ത് മെച്ചമാണ് എം.ജി. യൂണിവേഴ്സിറ്റിയിലെന്ന് പറഞ്ഞാൽ കൊള്ളാം. ഒരു നല്ല യൂണിവേഴ്സിറ്റിയാണ്. യു.ജി.സി. പറഞ്ഞ നിയമംകൊണ്ട് അത് പോയി. അതുസംബന്ധിച്ച് നമ്മൾ ഒരു നിലപാടെടുക്കണം. വിദ്യാർത്ഥി പ്രാതിനിധ്യം, സെനറ്റിന്റെ പരമാധികാരം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇപ്പോഴത്തെ സ്ഥിതി ദുഃസ്ഥിതിയാണ്. നിയമപരമായിട്ടുള്ള കാര്യമാണ്. വരുന്ന ബഡ്ജറ്റിൽ സർവ്വകലാശാലകൾക്ക് ആവശ്യാധിഷ്ഠിത ഗ്രാന്റ് അനുവദിക്കാനുള്ള നിലപാടെടുക്കണം. കേരളാ യൂണിവേഴ്സിറ്റിയും, കാലിക്കട്ട് യൂണിവേഴ്സിറ്റിയും പി.എഫ്-ൽ നിന്നും പത്തുകോടി രൂപ എടുത്തിരിക്കുകയാണ്. എം.ജി. യൂണിവേഴ്സിറ്റി 9 കോടി രൂപ എടുത്തിരിക്കുകയാണ്. അത് സാമ്പത്തികമായ ദുഃസ്ഥിതിയാണ്. ആ കാര്യത്തിലും ഗവൺമെന്റ് ചില നിലപാടുകൾ സ്വീകരിക്കണം. അതുപോലെ സർവ്വകലാശാലയ്ക്കുള്ള ധനസഹായം ഉചിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാം. അതിന് വ്യക്തമായിട്ടുള്ള റവ്യൂ ഡിസ്ക്ഷൻ കാലാകാലങ്ങളിൽ വർഷംതോറും നടത്താൻ നമുക്ക് അധികാരമുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ച് ബ്ലോക്ക് ഗ്രാന്റ് വിനിയോഗിക്കുന്നുണ്ടോയെന്നുള്ളത് ഉറപ്പുവരുത്തണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് കണ്ണൂരേക്ക് ഡെപ്യൂട്ടേഷനിൽ ആളെ അയച്ചിട്ടുണ്ട്, സംസ്കൃത സർവ്വകലാശാലയിലേക്ക് ഡെപ്യൂട്ടേഷനിൽ ആള് വന്നിട്ടുണ്ട്. പിന്നെ പുതിയ ആളെ നിയമിക്കുന്നതിനുപകരം ഡെപ്യൂട്ടേഷനിലുള്ളവരെ ഇവിടെ സ്ഥിരപ്പെടുത്തണമെന്ന് ജീവനക്കാർ ഏകകണ്ഠമായി പറയുന്നുണ്ട്. അത് ന്യായമായ ഒരു കാര്യമാണെന്നാണ് എന്റെ അഭിപ്രായം. അങ്ങ് അത് പരിശോധിച്ച് വേണ്ടത് ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതുപോലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുക്കുന്നില്ല. പലപ്പോഴും പ്രോജക്ടുകൾ ഒന്നും എടുക്കുന്നില്ല. എടുത്താൽ തന്നെ അതിന്റെ 5 ശതമാനം യൂണിവേഴ്സിറ്റിക്ക് ഓവർഹെഡായി കൊടുക്കണമെന്നുള്ളത് മിക്ക അദ്ധ്യാപകരും പാലിക്കുന്നില്ല. സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിൽ അതിന് വ്യക്തമായിട്ടുള്ള പരിശോധന വേണം. മധുരയിലെ കാമരാജ് യൂണിവേഴ്സിറ്റി നിലനിൽക്കുന്നത് ഒന്ന് പ്രധാനമായും പ്രോജക്ട് കൊണ്ടാണ്, മറ്റൊന്ന് അവിടെ extension educational activities ആണ്. നമുക്ക് കുറെ മുന്നേറ്റം നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും. അങ്ങേക്ക് അത് സംബന്ധിച്ച് വ്യക്തമായ ആശയമുള്ള ആളാണ്. അത് നടപ്പാക്കുന്ന കാര്യത്തിൽ നമ്മൾ ചില മുൻകരുതലുകൾ സ്വീകരിക്കണമെന്നുള്ളതാണ്. അതുപോലെ നമ്മുടെ സർവ്വകലാശാലകൾ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിന് എം.ജി.യും സംസ്കൃത സർവ്വകലാശാലയും, കൊച്ചി സയൻസ് ആന്റ് ടെക്നോളജി സർവ്വകലാശാലയുമൊക്കെ കുറെകൂടി democratise ചെയ്യാനുള്ള നിലപാട് ഉണ്ടാകണം. ഇവിടെ ഇലക്ട്രിസിറ്റിയുടെ പ്രശ്നത്തിൽ കേന്ദ്രത്തിന്റെ ജനാധിപത്യ വിരുദ്ധ നിയമത്തെപ്പറ്റി ബഹുമാനപ്പെട്ട ശർമ്മ പറഞ്ഞു കഴിഞ്ഞതേയുള്ളൂ. നേരത്തെ വിദ്യാഭ്യാസ കാര്യത്തിൽ അങ്ങ് ഈ പ്രശ്നം കൈകാര്യം ചെയ്തതാണ്. അഖിലേന്ത്യ എൻ.സി.ടി.ഇ. പോലെയുള്ള കമ്മിറ്റികൾ നമ്മുടെ വിദ്യാഭ്യാസ പുരോഗതിയെ തടയാൻ ബോധപൂർവ്വം ചട്ടങ്ങൾ കൊണ്ടുവരുന്നതായി കാണുന്നു. ആ നിലപാട് നമ്മൾ അംഗീകരിച്ചിട്ടില്ല. പക്ഷേ നമ്മുടെ ഉദ്യോഗസ്ഥൻമാരെ മാത്രം വിട്ട് അത് ചർച്ച ചെയ്താൽ പോരാ, കൺകറന്റ് ലിസ്റ്റാണ്. ഭരണഘടനയെ തകർക്കാൻ കേന്ദ്ര ബി.ജെ.പി. ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നാളെ വിദ്യാഭ്യാസം മുഴുവൻ അവർ ഏറ്റെടുക്കും. ഇപ്പോൾ ഇലക്ട്രിസിറ്റി ഏറ്റെടുക്കാൻ പോകുകയാണ്, ഇതൊരു മുന്നറിയിപ്പാണ്. ഈ എൻ.സി.ടി.ഇ കമ്മിറ്റിയാണ്. നോമിനേഷനാണ്, ഉത്തരവാദിത്വമില്ലാത്തവരാണ്. കേരളത്തിന്റെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റിനും ഈ അസംബ്ലിക്കും അവകാശമുണ്ട്. അതിന്റെ നേരെ കൈകടത്താൻ ഒരു നോമിനേറ്റായ, റിട്ടയേർഡ് ആയ വൈസ്ചാൻസലറോ പ്രൊ-വൈസ്ചാൻസലറോ എൻ.സി.ടി.ഇ.യുടെ മേലങ്കി അണിഞ്ഞ് വന്നാൽ അവരെ നിലയ്ക്ക് നിറുത്താനുള്ള അവകാശം ഭരണഘടനയിൽ നമുക്കുണ്ട്. അത് ഉപയോഗിക്കണം. അക്കാര്യത്തിൽ കുറെക്കൂടി ശക്തമായ നിലപാടെടുക്കണം. അതുപോലെ മാതൃഭാഷയുടെ കാര്യം, എം.എ. മലയാളം, പോസ്റ്റ്ഗ്രാജുവേറ്റ് പഠനം പൊതുവെ കേരളത്തിൽ നിരുൽസാഹപ്പെടുത്തിയിരിക്കുകയാണ്. എന്റെ ജില്ലയിലാണെങ്കിൽ എം.എ.മലയാളമുള്ള ഒറ്റ കോളേജുമില്ല. സ്വാതന്ത്ര്യം കിട്ടിയിട്ട് 53 വർഷമായി, മലയാള ഭാഷയിൽ പോസ്റ്റ്ഗ്രാജുവേറ്റ് പഠനം അത്യാവശ്യം കോളേജുകളിൽ വേണം. ഇതൊരു പ്രത്യേക പ്രശ്നമായി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ അങ്ങ് പരിഗണിക്കേണ്ട ഒരു കാര്യം, നമ്മുടെ കോളേജുകളിൽ മലയാളം പ്രധാനഭാഷ അല്ല, Second language മാത്രമാണ്. മാതൃഭാഷയായ മലയാളം Second language മാത്രമാണ് Second language ആയിതന്നെ വേണമെങ്കിൽ മലയാളം പഠിച്ചാൽ മതി. ഫ്രഞ്ച്, ഉറുദു, ഹിന്ദി, എന്തെങ്കിലും പഠിച്ചാൽ മതി. അത് പോരാ, മലയാളം പ്രധാനപ്പെട്ട നിർബന്ധിത ഉപഭാഷയായി മാറ്റാൻ നടപടി സ്വീകരിക്കണം. അദ്ധ്യയന മാദ്ധ്യമമാകുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്. നാളെ അത് വേണ്ടിവരും. ഇപ്പോൾ മലയാളം നിർബന്ധിത ഉപഭാഷയാക്കണം കോളേജുകളിൽ. എന്റെ സുഹൃത്തുക്കൾ ഇവിടെയിരുപ്പുണ്ട്. ഡോക്ടർ കെ.സി. ജോസഫ്, കൂടാതെ ശ്രീ. ശിവദാസമേനോൻ, ശ്രീ.എം.എ. തോമസ്, കെ.സി. ജോസഫ് എന്നിവർ മുൻ സിൻഡിക്കേറ്റ് അംഗങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രിയും സിൻഡിക്കേറ്റിൽ ഉണ്ടായിരുന്നു. ഞാനും ഉണ്ടായിരുന്നു. നമ്മൾ അറിയാതെ, സർവ്വകലാശാലാ,

LIBRARY ARCHIVES Kerala Legislative Assembly

സിൻഡിക്കേറ്റ് അറിയാതെ, ഏതെങ്കിലും കോഴ്സുകൾ ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ ? സർവ്വകലാശാല കമ്മീഷനെ വയ്ക്കാതെ? എം.ജി.സർവ്വകലാശാലയിൽ രണ്ട് കോളേജുകളിൽ ഡയറക്ടായി ഉന്നത വിദ്യാഭ്യാസ സെക്രട്ടറി കോഴ്സ് കൊടുത്തു. എന്റെ വ്യക്തിപരമായ അഭിപ്രായം, ആ സെക്രട്ടറിയെ സസ്പെൻഡ് ചെയ്യണമെന്നാണ്. അങ്ങേക്ക് പ്രയാസമുണ്ട്. ആ സെക്രട്ടറിയെ സസ്പെൻഡ് ചെയ്യണം.....ബഹളം..... അങ്ങനെ ഒരു വാദപ്രതിവാദത്തിന് പോകണ്ട, സർവ്വകലാശാലാനിയമപ്രകാരം സർവ്വകലാശാല ശുപാർശ ചെയ്യാത്ത കോഴ്സുകൾ കൊടുക്കാൻ സർക്കാരിന് അധികാരമില്ല. അധികാരം വേണമെങ്കിൽ നിയമം ഭേദഗതി ചെയ്യണം. ആ സെക്രട്ടറിയെ സസ്പെൻഡ് ചെയ്യണം. അതാണ് വേണ്ടത്. അത് ആവർത്തിക്കാൻ പാടില്ല. അതുപോലെ അവസാനമായി ഞാൻ പറയട്ടെ, Director of Collegiate Education-നും Higher Education Secretary-യും, ഇറക്കിയിരിക്കുന്ന ഓർഡറുകൾ , സർ, ഈ വിവാദത്തിൽ ഇടപെടണം. യു.ജി.സി.യുടെ ഓർഡർ എന്റെ കൈയിലുണ്ട്, 1998-ലെ ഓർഡർ എന്റെ കൈയിലുണ്ട്, 1988-ലെ ഓർഡർ ഉണ്ട്. നമ്മുടെ ഗവൺമെന്റ് ഇപ്പോൾ ഇറക്കിയ ഡിസംബർ 21-ാം തീയതിയിലെയും ജനുവരി 18-ന്റെയും ഓർഡർ എന്റെ കൈവശമുണ്ട്. ഇപ്പോൾ ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. 180 ദിവസം പഠിപ്പിക്കുവാൻ അദ്ധ്യാപകർ തയ്യാറാണ്. യു. ജി. സി. നടപ്പിലാക്കാൻ അവർ തയ്യാറാണ്. അവർ പഠിപ്പിക്കുന്നില്ലായെന്ന് ചില എം. എൽ. എ. മാർ അടക്കം തെറ്റായി വിളിച്ചുപറയുന്നു. ശ്രീമതി ലതാദേവി സബ്മിഷനും ഉന്നയിച്ചു, അവരുമായി ആലോചിക്കണം, അവരുമായി ആലോചിച്ച് ന്യായമായി ഒതുക്കിത്തീർക്കണം, അങ്ങ് മുൻകൈയെടുക്കണം. ഇത് അപകടകരമായ സ്ഥിതിയാണ്. ഒരു വാചകം വായിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സർ, സ്പോർട്ട്സുകൾ, കൾച്ചറൽ ആക്ടിവിറ്റീസ്, ആർട്ട്സ് ഫെസ്റ്റിവൽ, ഡ്രാമാ ഫെസ്റ്റിവൽ ഇതുപോലെയുള്ളതൊന്നും സ്വീകാര്യമല്ല. ഇതുപ്രകാരം നഷ്ടപ്പെടുന്ന ദിവസങ്ങൾക്ക് ഉത്തരവാദിത്വമില്ല. Bandh, strike ആരെങ്കിലും പ്രഖ്യാപിച്ചാൽ അദ്ധ്യാപകർ കോളേജിൽ വന്നോളണം, വന്നില്ലെങ്കിൽ അവർക്ക് ശമ്പളമില്ല. ഇതെല്ലാം കാണിക്കുന്ന ഒരു സർക്കുലർ Days spent on the following activities.. ആ വാക്കുകൾ തന്നെ അങ്ങേയറ്റം amoral ആണ് It is not immoral or moral, but it is amoral. അങ്ങനെയൊന്നും സർക്കുലർ ഇറക്കരുത്. Days sepnt on the following activities affecting normal working days are excluded from the work load or teaching hours Sports and Cultural activities, College Union Election, strike, Arts Festival, Drama Festival, Harthal ..... എന്താണ് സർ ? ഈ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും ഗവൺമെന്റ് സെക്രട്ടറിമാരും സെക്രട്ടേറിയറ്റിൽ വന്ന് ഒപ്പിടുന്ന ദിവസം മാത്രമേ ശമ്പളം വാങ്ങുന്നുള്ളോ ? അവർ ടൂറിന് പോകുമ്പോൾ ശമ്പളമില്ലേ ? അതുപോലെ കോൺഫറൻസിന് പോകുമ്പോൾ ശമ്പളമില്ലേ ? അതുപോലെ അദ്ധ്യാപകർ അക്കാഡമിക്ക് ലൈഫിൽ അക്കാഡമിക്കിന് പുറമേ എക്സ്ട്രാ കരിക്കുലറായി വിദ്യാഭ്യാസ പദ്ധതിയിലുള്ള പരിപാടികളിൽ പങ്കെടുത്താൽ അത്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുകയില്ലായെന്ന് ഓർഡർ ഇറക്കാൻ യു.ജി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ ? അത് ശരിയാവില്ല. ഭാവനാസമ്പന്നനായ, നമ്മളെല്ലാം ബഹുമാനിക്കുന്ന വിദ്യാസമ്പന്നനായ ബഹുമാനപ്പെട്ട പി.ജെ.ജോസഫ് സാറെ, അങ്ങ് ഇതൊന്നും അംഗീകരിക്കരുത്. ന്യായമായി 180 ദിവസം പഠിപ്പിക്കുവാനും യു.ജി.സി. പദ്ധതി സമവായപ്രകാരം എന്ന സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് പഠിപ്പിക്കുവാനും അദ്ധ്യാപകർ തയ്യാറാണ്. അതിനെതിരായി ഹയർ എഡ്യൂക്കേഷൻ വകുപ്പ് നടത്തുന്ന ഈ മർദ്ദനങ്ങൾ, താണ്ഡവങ്ങൾ, ഈ ഹിറ്റ്ലർ മോഡലിലുള്ള നിർദ്ദേശങ്ങൾ പിൻവലിച്ച് ഈ ദു:സ്ഥിതിയെല്ലാം പരിഹരിക്കാൻ അങ്ങേക്ക് കഴിയും. അങ്ങേക്ക് ഉറച്ച പിന്തുണ ഞാൻ പ്രഖ്യാപിക്കുന്നു. അങ്ങ് ദയവായി ഇക്കാര്യം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

10 A.M.] വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട സുധാകരൻ ഇവിടെ ഉന്നയിച്ച വിഷയങ്ങൾക്ക് മറുപടി പറയണമെങ്കിൽ ഒരു മണിക്കൂറെങ്കിലും വേണം. പക്ഷേ അത്രയും സമയമെടുക്കാൻ പറ്റില്ലല്ലോ, എന്നാലും 10 മിനിട്ട് വേണം. ഇവിടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പരീക്ഷാബഹിഷ്ക്കരണം തുടങ്ങിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് അദ്ധ്യാപകസംഘടനകളാണ് പറഞ്ഞിരിക്കുന്നത്, വിദ്യാർത്ഥി സംഘടന എന്ന് പറയുകയുണ്ടായി. യു.ജി.സി. സ്കീം ഇവിടെ നടപ്പാക്കുന്നതിനെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എടുത്തിട്ടുള്ള ഇനിഷ്യേറ്റീവ് എത്രയെന്ന് ചില അദ്ധ്യാപകസംഘടനകൾക്ക് എങ്കിലും അറിയാം. ഞാൻ ഒരല്പം താളം കാണിച്ചിരുന്നുവെങ്കിൽ, നോർമലായി കാര്യങ്ങൾ പോകട്ടെ എന്ന് കരുതിയിരുന്നുവെങ്കിൽ ഇത് നടപ്പിലാകുകയില്ലായിരുന്നു. ഡിസംബർ 23-ാം തീയതിക്കകം കേരള സർക്കാരിന്റെ തീരുമാനം ഡൽഹിയിൽ അറിയിച്ചില്ലായെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാവുകയില്ല. 166 കോടി രൂപയുടെ 80 ശതമാനമായ 133 കോടി നമുക്ക് ലഭ്യമാകാതെ പോകുമെന്ന് അറിയിപ്പുണ്ടായിരുന്നു. ക്യാബിനറ്റിൽ രണ്ടാമത് ഈ വിഷയം കൊണ്ടു പോകേണ്ടതായിട്ട് വന്നു, സാങ്കേതികമായ കാരണങ്ങളാൽ , പിന്നെ സാധാരണരീതിയിൽ അയച്ചാൽ എത്തുകയില്ലായിരുന്നു. മെസഞ്ചറെ ഡൽഹിക്ക് അയച്ചതുകൊണ്ടാണ് 31-ാം തീയതിക്ക് മുൻപ് അവിടെ എത്തിയത്. ഇതിന്റെ സംശയങ്ങളെല്ലാം ദൂരീകരിക്കാൻ അത്രയും സമയമേ നമുക്ക് കിട്ടിയുള്ളൂ. ഈ രാജ്യത്ത് നിലവിലുള്ള ഒരു വിഷയത്തെപ്പറ്റി, ആ പ്രശ്നം ഉന്നയിക്കാൻ ഒരു മെമ്പർക്ക് അവകാശമുണ്ട്, ഉന്നയിക്കേണ്ടതുമാണ്. ജനങ്ങൾ ഇതിന്റെ കാര്യങ്ങൾ അറിയണം. അങ്ങനെ UGC 133 കോടി രൂപ നമുക്ക് നല്കുന്നതാണെന്ന് തത്വത്തിൽ അംഗീകരിച്ചു. അതിന്റെ കണ്ടീഷൻ, യുജി.സി. സ്കീം നടപ്പിലാക്കിയിരിക്കണം. ശമ്പള പരിഷ്ക്കരണം മാത്രമല്ല, ആ സ്കീം നടപ്പാക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഒരു പഠനം നടത്തിയതിനുശേഷം ക്യാബിനറ്റ് അംഗീകരിച്ചതാണ്. ഇതാണ് അംഗീകരിച്ചിട്ടുള്ളത്. Governement orders on the implementation of U.G.C. Scheme including revision of pay scales to teachers on the Universities and Colleges in Kerala. ഈ ഉത്തരവ് ഇറക്കിയിരിക്കുന്നതിന് ഒരു കമ്മിറ്റിയുടെ പഠനത്തിന് വിട്ടതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയുടെ ശുപാർശ ക്യാബിനറ്റ് അംഗീകരിച്ചതിനുശേഷം അതിന് ഉത്തരവ് ഇറക്കുന്നത് യു.ജി.സി.നോംസ് വച്ചിട്ടാണ്. ആദ്യത്തെ ഉത്തരവ് ഇറക്കിക്കഴിഞ്ഞപ്പോൾ ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു, അഭിപ്രായവ്യത്യാസങ്ങൾ പ്രകടിപ്പിച്ചു. ഞാൻ വന്ന സംഘടനാക്കാരോട് പറഞ്ഞു, യു.ജി.സി.സ്കീം നടപ്പിലാക്കുന്നതിന് നിങ്ങളുടെതായ ഏത് നിർദ്ദേശവും സ്വീകരിക്കാം. അതിൽ പ്രധാനപ്പെട്ട വ്യവസ്ഥകൾ നമ്മൾ പാലിക്കുന്നില്ലായെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം കിട്ടുകയില്ല. ആ സഹായം ഇല്ലെങ്കിൽ നടപ്പാക്കുകയുമില്ല. അതുകൊണ്ട് എനിക്ക് യാതൊരു നിർബന്ധവുമില്ല, നിങ്ങൾ പറയുന്ന രീതിയിൽ ഉത്തരവ് പുറപ്പെടുവിക്കാം. പക്ഷേ ഈ സ്കീം നടപ്പാകുമെന്ന് യാതൊരു ഉറപ്പുമില്ല. പക്ഷേ അവർ ആഗ്രഹിച്ചത് സ്കീം നടപ്പാക്കണം എന്നാണ്. ഞാൻ പിന്നീട് അവരോട് പറഞ്ഞു, നിങ്ങളുടേതായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക, നിങ്ങളുടെ പാക്കേജ് കൊണ്ടുവരുക, ഏറ്റവും ഒടുവിൽ 18-2-2000 ത്തിലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ആളുകളെ ഞാൻ കാണിച്ചിരുന്നു. അവർ അറിഞ്ഞിരുന്നു. ഈ കഴിഞ്ഞ ദിവസവും വന്നിരുന്നു. ഇപ്പോഴും എന്റെ അഭിപ്രായം ഒരു പാക്കേജ് അവർ തരട്ടെ എന്നാണ്. ഗവൺമെന്റിന് എന്താണ് നിർബന്ധം ; ആ പാക്കേജ് അനുസരിച്ച് ഓർഡർ ഇഷ്യൂ ചെയ്യാം. ഇപ്പോഴുള്ളത് അമന്റ് ചെയ്യും. ശ്രീ. ജി. സുധാകരൻ ഉൾപ്പെടെയുള്ളവർ ചർച്ച ചെയ്തുകൊള്ളൂ. എനിക്ക് എന്താണ് നിർബന്ധം ; 180 ദിവസം പഠിപ്പിച്ചിരിക്കണം. വർക്കിംഗ് ഡെയ്സാണ്. അതിൽ ഒഴിവാക്കേണ്ട ദിവസത്തെപ്പറ്റി ഇവിടെ ഓർഡറില്ല. യു.ജി.സി. പറഞ്ഞിരിക്കുന്നതാണ്. ആ നോംസ് ശ്രീ.ജി.സുധാകരന് തരാം. സ്പോർട്ട്സ് ഡേ ഒഴിവാക്കണമെന്ന് ഞങ്ങളല്ല പറഞ്ഞിരിക്കുന്നത്. യുജി.സി. യാണ്. നമുക്ക് സ്വീകാര്യമല്ലായിരിക്കാം. പക്ഷേ അത് പാലിച്ചില്ലെങ്കിൽ, കോളേജ് ഇലക്ഷൻ, അവർ അത് അംഗീകരിക്കുകയില്ല. ശ്രീ. മുരളീമനോഹർ ജോഷിയുമായി ഞാൻ സംസാരിച്ചു. അദ്ദേഹം പറഞ്ഞത് ശനിയാഴ്ചയോ ഞായറാഴ്ചയോ എന്നത് പ്രശ്നമല്ല. സ്കീം നടപ്പാക്കിയിരിക്കണം. ഇല്ലെങ്കിൽ സഹായം തരുകയില്ല. അതുകൊണ്ട് ഏത് പാക്കേജ് കൊണ്ടു വന്നാലും ഇതിന് ഉത്തരവിറക്കിയേക്കാം, ആ ഉത്തരവ്, ആ പാക്കേജ് ..... ഞാൻ ഇന്നലെ പല അദ്ധ്യാപക സംഘടനകളുമായി സംസാരിച്ചു, ഒരു കൂട്ടർ പറഞ്ഞു ശനിയാഴ്ച വർക്കുചെയ്യുവാൻ ഞങ്ങൾ എതിരല്ല. ഒരു കൂട്ടർ പറയുന്നു ശനിയാഴ്ച വർക്കുചെയ്യുവാൻ ഞങ്ങൾ എതിരാണെന്ന്. ഏതാണ് സ്വീകരിക്കേണ്ടത് ; എന്നിട്ട് ഇപ്പോഴുള്ള നിലപാട് 18-2-ലെ ഉത്തരവിൽ ചില അമന്റ്മെന്റ് ഇറക്കിയിട്ടുണ്ട്. ഇപ്പോൾ വർക്ക് ചെയ്യാത്ത ദിവസങ്ങളിൽ രണ്ട് ശനിയാഴ്ചകളിൽ വർക്ക് ചെയ്ത ആ ദിവസത്തെ ശമ്പളം കൊടുക്കുന്ന കാര്യം ഇപ്പോഴത്തെ ഉത്തരവിൽ ശനിയാഴ്ച വർക്കു ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. പ്രിൻസിപ്പൽസ് തീരുമാനിക്കുവാനാണ് പറഞ്ഞിരിക്കുന്നത്. 180 ദിവസം തികയ്ക്കുവാൻ ആവശ്യമായ ഡയറക്ഷൻ പ്രിൻസിപ്പലിന് കൊടുക്കും. 180 ദിവസം വർക്കുചെയ്യണം. അതുകൊണ്ട് ശനിയാഴ്ച വ്യക്തമായി ഇപ്പോഴത്തെ ഓർഡറിൽ പറയാത്തതുകൊണ്ട് ഈ വർക്കുചെയ്ത രണ്ട് ദിവസവും അവർക്ക് ശമ്പളം കൊടുക്കേണ്ടതാണ്. ബാക്കി കാര്യങ്ങൾ പിന്നീട് ആലോചിക്കാമെന്ന് കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ എഴുതിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ശമ്പളം കൊടുക്കാതെയിരിക്കുന്നത് ശരിയല്ല. വരുന്ന വർഷം ഈ കാര്യങ്ങൾ എങ്ങനെയാണ് നടപ്പാക്കേണ്ടതെന്ന് മുഴുവൻ ദിവസവും ക്ലാസിൽപോയി പഠിപ്പിക്കണമെന്നല്ല, 9 മണി മുതൽ നാലരമണി വരെയുള്ള സമയം ആർക്കും എതിരല്ല. ഒൻപത് മണി മുതൽ നാലര മണിവരെ ഇപ്പോൾ അഞ്ച് ദിവസമേ ഇട്ടിട്ടുള്ളൂ. അതുതന്നെ ഇതിൽ ഒരു വെള്ളം ചേർക്കലാണ്. ബാക്കിയുള്ള കാര്യങ്ങളിൽ പ്രിൻസിപ്പൽസ് തീരുമാനിക്കണം. ഒൻപത് മണി മുതൽ നാലര മണി വരെ എന്നുള്ളത് ആർക്കും എതിരല്ല. എല്ലാപേരും എഗ്രി ചെയ്യുകയാണ്. ശനിയാഴ്ചകൾ വേണമോയെന്നുള്ളത് സംബന്ധിച്ച് അതാത് കോളേജുകളിലെ പ്രിൻസിപ്പൽസ് തീരുമാനിച്ചുകൊള്ളട്ടെ. ഇതല്ല വേറൊരു ഫോർമുലയാണ് ആവശ്യമെങ്കിൽ അദ്ധ്യാപക സംഘടനകൾ പാക്കേജ് കൊണ്ടുവരട്ടെ. അമന്റ് ചെയ്തിറക്കാം. യു.ജി.സി.സ്കീം നടപ്പായില്ലെങ്കിൽ വിദ്യാഭ്യാസ മന്ത്രി എന്നുള്ള നിലയിൽ എനിക്ക് ഉത്തരവാദിത്വമില്ല. ഞാൻ അദ്ധ്യാപക സംഘടനകളോട് പറഞ്ഞു, ആ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ തയ്യാറല്ല. പാക്കേജ് കൊണ്ടുവരാൻ തയ്യാറല്ല. പാക്കേജ് ഇനി കൊണ്ടുവരൂ അമന്റ് ചെയ്ത് തരാം. ക്യാബിനറ്റിന്റെ തീരുമാനമാണ്. ക്യാബിനറ്റ് അറിയാതെ ഒരു ഉത്തരവും ഒരു സെക്രട്ടറി ഇറക്കുകയില്ല. സെക്രട്ടറിയുടെ ഉത്തരവാദിത്വമല്ല. ആ ഉത്തരവാദിത്വം എന്റേതാണ്. മന്ത്രി സഭയുടേതാണ്.

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് പറയുന്നത് ശരിയല്ല. വേറെ ഓർഡർ ഇറക്കി.

ശ്രീ. പി. ജെ. ജോസഫ് : ഇല്ല. അത് തെറ്റിദ്ധാരണയാണ്. അത് തെറ്റിദ്ധാരണയുണ്ടാകും. ഞാൻ പറഞ്ഞാലല്ലേ അറിയൂ. എന്റെ അറിവ് കൂടാതെ ഒരു ഓർഡറും ഇറക്കിയിട്ടില്ല. പരിപൂർണ്ണമായ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. സെക്രട്ടറിക്ക് ഇതിൽ ഉത്തരവാദിത്വമില്ല. സെക്രട്ടറി തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കും. ഗവൺമെന്റ് തീരുമാനിക്കാത്ത രീതിയിൽ ഓർഡർ ഇറക്കിയാൽ തിരുത്തും. മനഃപൂർവ്വം തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കും. അതിന് ഒരു സംശയവുമില്ല. അതുകൊണ്ട് ഇപ്പോഴത്തെ ഉത്തരവാദിത്വം.....

മി. സ്പീക്കർ : ഇത് കാളിംഗ് അറ്റൻഷനാണ്.

ശ്രീ. പി. ജെ. ജോസഫ് : ഇനിയും ഈ കാര്യങ്ങളിൽ ഗവൺമെന്റിന്റെ നിലപാട് കേരളത്തിലെ അദ്ധ്യാപകർക്ക് പരമാവധി സഹായം നൽകണം. പരമാവധി ആനുകൂല്യങ്ങൾ ഉൾപ്പെടുത്തണം, അദ്ധ്യാപനം നടക്കണം, യു.ജി.സി. സ്കീം നടപ്പാക്കണം എന്നാണ്. ഈ പാക്കേജിൽ ഒതുങ്ങിനിന്നു കൊണ്ടുള്ള ഏത് ഉത്തരവും പുറപ്പെടുവിക്കാം ഇനിയും അമന്റ് ചെയ്യാം.

മി.സ്പീക്കർ : പ്ലീസ്.....പ്ലീസ്.....

ശ്രീ. പി. ജെ. ജോസഫ് : ഒരു പോയിന്റേ ആയുള്ളൂ. അദ്ദേഹം ഒട്ടേറെ വിഷയങ്ങൾ റെയിസ് ചെയ്തിരിക്കുകയാണ്. അത് സംബന്ധിച്ച് ഓരോ വാചകമെങ്കിലും ഞാൻ പറയണമല്ലോ?

മി. സ്പീക്കർ : കാളിംഗ് അറ്റൻഷന് സമയപരിധിയുണ്ട്. കാളിംഗ് അറ്റൻഷനുള്ള സമയം ഒരു മണിക്കൂറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : കാളിംഗ് അറ്റൻഷനിൽ അദ്ദേഹം എഴുതിയിട്ടുള്ള നാലഞ്ച് പോയിന്റുകളിൽ ഒരു പോയിന്റിനു മാത്രമേ ഞാൻ മറുപടി പറഞ്ഞുള്ളൂ. ബാക്കി ഞാൻ ചുരുക്കിയെ പറയുകയുള്ളൂ.

മി. സ്പീക്കർ : അങ്ങേക്ക് എഴുതി തന്ന കാര്യം മാത്രം പറഞ്ഞാൽ മതി.

ശ്രീ. പി. ജെ. ജോസഫ് : ഓരോ വാചകവും പറയാം. ഞാൻ ദീർഘിപ്പിക്കുന്നില്ല.

മി. സ്പീക്കർ : അതൊന്നും പറയേണ്ട കാര്യമില്ല.

ശ്രീ. പി. ജെ. ജോസഫ് : ബഹുമാനപ്പെട്ട ജി. സുധാകരൻ അറിയേണ്ടത്, ക്യാബിനറ്റിന്റെ തീരുമാനം അനുസരിച്ചാണ് ഉത്തരവ്. അതിൽ തെറ്റു പറ്റിയിട്ടുണ്ടെങ്കിൽ ക്യാബിനറ്റാണ് ഉത്തരവാദി. ക്യാബിനറ്റിന് തെറ്റുപറ്റാം. ക്യാബിനറ്റിലേക്ക് കൊടുക്കുന്ന റിപ്പോർട്ട് തെറ്റാണെന്ന് വരാം. അത് തിരുത്തും. ക്യാബിനറ്റ് ഇതിനുമുൻപ് എത്രയോ തെറ്റ് തിരുത്തിയിട്ടുണ്ട്. മിസ്റ്റേക്ക് വന്നാൽ തിരുത്തും. ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ് എന്നുപറയുന്ന നിലപാട് ശരിയാണോ? ഇതിന് ചോദ്യമില്ല. ബഹുമാനപ്പെട്ട എസ്. ശർമ്മക്ക് എല്ലാം അറിയാവുന്നതാണ്. ഹൈക്കോടതിയുടെ ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ് വന്നിട്ടുള്ളത്. ഏതായാലും അറിയാതെയുള്ള വിമർശനങ്ങളൊന്നുമില്ല. അതിനെല്ലാം പശ്ചാത്തലമുണ്ടാകും. തെറ്റാണെന്ന് കണ്ടാൽ തിരുത്തുകയും ചെയ്യും. യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കുന്ന കാര്യം, സ്കൂൾ വിദ്യാഭ്യാസ കാര്യത്തിൽ തീരുമാനിക്കേണ്ട കാര്യങ്ങൾ തീരുമാനിച്ചു നടപ്പാക്കുന്നുണ്ട്. കരിക്കുലം കമ്മിറ്റി മുഴുവനും റിവൈസ് ചെയ്തിരിക്കുന്നു. കോളേജ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ യൂണിവേഴ്സിറ്റി ആക്ടാണ് ആധാരം. യൂണിവേഴ്സിറ്റിക്ക് ഓട്ടോണമിയുണ്ട്. നമുക്ക് ഇടപെടാവുന്നത് വളരെ കുറച്ച് മാത്രമേയുള്ളൂ. സ്വാശ്രയ കോഴ്സുകളുടെ ഫീസിന്റെ കാര്യം യൂണിവേഴ്സിറ്റി തീരുമാനിച്ചിരിക്കുന്നതാണ്. നമുക്ക് ഇടപ്പെട്ട് കുറയ്ക്കുവാൻ കഴിയുമോ? ബി.എഡ്. കോഴ്സ് നടത്തുവാൻ ഞങ്ങൾക്ക് ഇത്രയും ഫീസ് ആവശ്യമാണെന്ന് യൂണിവേഴ്സിറ്റി പറഞ്ഞാൽ, കുറവ് ചെയ്യണമെന്ന് പറഞ്ഞാൽ അവർ ഗ്രാന്റ് ചോദിക്കും. ഗവൺമെന്റ് ഇപ്പോൾ ഗ്രാന്റ് കൊടുക്കുവാൻ തയ്യാറല്ല. യൂണിവേഴ്സിറ്റി സിന്റിക്കേറ്റുണ്ട്. അതിൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. അവർക്ക് ഏത് സമയത്തും കുറയ്ക്കാം. തെരഞ്ഞെടുക്കപ്പെട്ട സിന്റിക്കേറ്റിന് കുറയ്ക്കാം. അതല്ല അതിന് മുകളിൽ ഗവൺമെന്റ് ഇടപെടണമെന്നുണ്ടെങ്കിൽ ആക്ടിൽ ഭേദഗതി വരുത്തണം. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പോലുള്ള സമിതികൾ ഉണ്ടാകുന്നതിനെപ്പറ്റി ആലോചിക്കണം. ഗവൺമെന്റിന് ചില കാര്യങ്ങളിൽ ഇടപെടാവുന്നതുണ്ട് എന്ന് ശ്രീ. ജി. സുധാകരന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഇവിടെ അക്കാഡമിക് രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസ രംഗത്ത് 10 കൊല്ലത്തിൽ ഒരിക്കൽ നിയമിക്കേണ്ട കമ്മീഷനൊക്കെ യൂണിവേഴ്സിറ്റി വച്ചുകഴിഞ്ഞു. അവരുടെ റിപ്പോർട്ടുവരണം. ഏറ്റവും വേഗം റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ചില മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. പിന്നെ പ്രീഡിഗ്രി

LIBRARY ARCHIVES Kerala Legislative Assembly

അബോളിഷൻ ആക്ടിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. മൂന്ന് കൊല്ല കാലത്തേയ്ക്ക് നിയമനങ്ങൾ പരമാവധി തടയണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. അത് യൂണിവേഴ്സിറ്റിയിൽ മാത്രമല്ല. സ്വകാര്യ കോളേജ് മാനേജ്മെന്റിന്റെ എതിർപ്പ് വന്നിട്ടുണ്ട്. സ്വകാര്യ കോളേജ് മാനേജ്മെന്റിലെ മുഴുവൻ അപ്പോയിന്റ്മെന്റും മൂന്ന് കൊല്ലത്തേക്ക് നിർത്തി വച്ചു. യൂണിവേഴ്സിറ്റിയിൽ നിന്ന് എത്രയോ വലിയ എതിർപ്പുണ്ടായിരുന്നു. മൂന്ന് കൊല്ലക്കാലം, പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്ന അവസരത്തിൽ അപോയിന്റ്മെന്റ് നടത്തിയാൽ ടീച്ചേഴ്സ് എക്സസ് ആകും. പ്രീഡിഗ്രി ഈ തവണ അബോളിഷൻ ചെയ്യുന്നതോടുകൂടി ഇതിനിടയ്ക്ക് എമ്പവേർഡ് കമ്മിറ്റിക്ക് അനുവദിക്കാം. പരമാവധി കുറയ്ക്കണമെന്നാണ് ഗവൺമെന്റിന്റെ ഡയറക്ഷൻ. ആവശ്യമില്ലാത്ത നിയമനം പാടില്ല. ഇനി ഈ പ്രശ്നം ഇപ്പോൾ തീരുകയാണ്. മൂന്നു കൊല്ലക്കാലമായതാണ്. മൂന്ന് കൊല്ലത്തോടുകൂടി ഫ്രീ ആകുകയാണ്. ഉള്ള പോസ്റ്റുകളൊക്കെ ഫിൽ-അപ് ചെയ്യുക. അടുത്ത അക്കാഡമിക് ഇയറാകുമ്പോൾ ആ പ്രശ്നം തീരുന്നു. മലയാള ഭാഷയെപ്പറ്റി ഇവിടെ അഭിപ്രായം വന്നു. മലയാള ഭാഷ കൂടുതൽ പഠിക്കാനുള്ള സൗകര്യം ഉണ്ടാകണം. ആലപ്പുഴ ജില്ലയിൽ ഇപ്പോൾ ഡിഗ്രി കോഴ്സുകളുണ്ട്. പോസ്റ്റ് ഗ്രാഡുവേഷൻ ഇല്ല. ആ കാര്യത്തെ സംബന്ധിച്ച് പ്രൊപ്പോസൽ യൂണിവേഴ്സിറ്റിയിൽ നിന്ന് വന്നാൽ തീർച്ചയായിട്ടും അനുവദിക്കും. പൊതുവേ കേരളത്തിലെ ഉന്നത വിദ്യാഭ്യാസം കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. എൻ.സി.റ്റി.ഇ. കേന്ദ്ര നിയമമാണ്. എൻ.സി.റ്റി.ഇ. യെ മറികടന്നുപോകുവാൻ കഴിയുകയില്ല. എങ്കിലും അതിശക്തമായ ചെറുത്തു നിൽപ്പ് നടത്തി. അതുകൊണ്ടാണ് ഇപ്പോൾ ക്ലാസ് തുടങ്ങുവാൻ കഴിഞ്ഞത്. എങ്കിലും ബി.എഡ്. കോളേജുകളിൽ മിനിമം സൗകര്യങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കണം. കന്നുകാലി തൊഴുത്തിൽ ക്ലാസ് നടത്തണമെന്ന നിലപാട് സ്വീകരിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് മിനിമം സൗകര്യങ്ങൾ ഉണ്ടാക്കണം. എന്നാൽ നിർത്താനുള്ള അവരുടെ തീരുമാനത്തെ ചെറുത്തുനിന്ന് കോഴ്സ് തുടരുകയാണ്. ഒരു പ്രോജക്ട് ഉണ്ടാക്കുക, എക്സ്റ്റൻഷൻ ആക്ടിവിറ്റീസൊക്കെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംസ്കൃത യൂണിവേഴ്സിറ്റിയിൽ ആവശ്യമില്ലാത്ത കോഴ്സുകൾ നിർത്തണം. അതിനോട് പൂർണ്ണമായി യോജിക്കുന്നുണ്ട്. ബഡ്ജറ്റിന്റെ കാര്യത്തിൽ യൂണിവേഴ്സിറ്റികൾ വളരെ ബുദ്ധിമുട്ടുന്നുണ്ട്. യൂണിവേഴ്സിറ്റികൾ ബുദ്ധിമുട്ടുന്ന അവസരത്തിൽ യൂണിവേഴ്സിറ്റികൾക്ക് കുറച്ചുകൂടി ഗ്രാന്റ് കൊടുക്കണമെന്ന അഭിപ്രായത്തോട് പരിപൂർണ്ണമായി യോജിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഫീസ് കുറയ്ക്കണമെന്ന് പറയുമ്പോൾ സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾക്ക് ഇത്ര ഫീസാണെന്ന് പറഞ്ഞാൽ ഗവൺമെന്റിന് അതിൽ ഇടപെടാൻ ബുദ്ധിമുട്ടുവരും. ഏതായാലും യൂണിവേഴ്സിറ്റികൾ തന്നെ തീരുമാനിക്കട്ടെ എന്നാണ് എന്റെ അഭിപ്രായം. പൊതുവേ ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുവാൻ അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly